# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ

Date: 02.10.2022
2.00 PM -4.00 PM

**ക്ലാസ്സ് - XII** **മാർക്ക് : 70**

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1 x 5 = 5**

1. ഹീബ്രു ഭാഷയിൽ എഴുതപ്പെട്ട ബൈബിളിന്റെ ഗ്രീക്ക് വിവർത്തനം ?
(സെപ്ത്വജിന്ത്, വുൾഗാത്ത, പ്ശീത്താ, ബിബ്ലിയ)
2. ''നിത്യസത്യങ്ങളടങ്ങിയ വിശുദ്ധഗ്രന്ഥത്തിന്റെ രചയിതാവ് ദൈവമാണെന്ന് വ്യക്തമായും പറയാനാകും''ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ ഏതു ചാക്രികലേഖനത്തിലാണ് ദൈവനിവേശനത്തെ ഇപ്രകാരം വിവരിക്കുന്നത് ?
(റേരും നൊവാരും, സർവ്വപരിപാലകനായ ദൈവം, കർത്താവിന്റെ വചനം, വിശ്വാസത്തിന്റെ വെളിച്ചം)
3. ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാട്?
(യുക്തിവാദം, ഭൗതികവാദം, അജ്ഞേയവാദം, ഹ്യൂമനിസം)
4. സാത്താന്റെ കുടിലതന്ത്രങ്ങളോട് ചെറുത്തുനില്ക്കുവാൻ ക്രൈസ്തവൻ ധരിക്കേണ്ട ആയുധങ്ങളേക്കുറിച്ചുള്ള പൗലോസ്ശ്ലീഹായുടെ പ്രബോധനത്തിൽപ്പെടാത്തത് ഏത് ?
(നീതിയുടെ കവചം, രക്ഷയുടെ പടത്തൊപ്പി, വചനമാകുന്ന വാൾ, സുരക്ഷയുടെ പരിച)
5. സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ പുതിയതായി തിരഞ്ഞെടുത്ത മെത്രാന്മാരുടെ ഗണത്തിൽപ്പെടാത്തതാര് ?
(മാർ റാഫേൽ തട്ടിൽ, മാർ തോമസ് പാടിയത്ത്, മാർ അലക്സ് താരാമംഗലം, മാർ ജോസഫ് കൊല്ലംപറമ്പിൽ)

**II. അരപേജിൽ കവിയാതെ ഉത്തരമെഴുതുക** **4 x 3 = 12**

6. ''തിന്മ തന്നെയായ സാത്താനും അവന്റെ പ്രവർത്തനങ്ങൾക്കുമെതിരെയുള്ള നിരന്തരമായ പോരാട്ടമായിരുന്നു ഈശോയുടെ ജീവിതം''. വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക ?
7. ''കർത്താവായ ഈശോയിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും''. (അപ്പ. 16:31). നമ്മുടെ ആദ്യവിശ്വാസത്തെ അവസാനംവരെ മുറുകെപ്പിടിക്കുമെങ്കിൽ മാത്രമേ നാം മിശിഹായിൽ പങ്കുകാരാവുകയുള്ളൂ. (ഹെബ്രാ 3 : 4) ഈ തിരുവചനഭാഗങ്ങളെ ആധാരമാക്കിക്കൊണ്ട് നിങ്ങളുടെ വിശ്വാസത്തെ ഉജ്ജ്വലിപ്പിക്കാനുതകുന്ന ഒരു പ്രാർത്ഥന തയ്യാറാക്കുക.
8. ഒരു ക്രിസ്തീയ കുടുംബത്തിലെത്തിയ പാസ്റ്റർ അവിടുത്തെ ഗൃഹനാഥയോട് പറയുന്നു: ''നിങ്ങൾ വീണ്ടും ജനിക്കണം. അല്ലെങ്കിൽ കർത്താവ് നിന്നെയും നിന്റെ ഭർത്താവിനെയും കുഞ്ഞുങ്ങളെയും ശിക്ഷിക്കും. രോഗവും അപകടവും വഴി നിന്റെ കുടുംബം നാശത്തിൽ പതിക്കും. ഞങ്ങളുടെ ഗ്രൂപ്പിൽ ചേർന്നാൽ നിങ്ങൾ രക്ഷപെടും. ദൗർഭാഗ്യകരമായി യാതൊന്നും സംഭവിക്കില്ല''! പിന്നീടയാൾ ബൈബിളിനെ ദുർവ്യാഖ്യാനം ചെയ്ത് ആ വീട്ടമ്മയെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യാൻ ശ്രമിക്കുന്നു. അതിനുശേഷം ഒരുമിച്ചുള്ള ഒരു പ്രാർത്ഥനയ്ക്ക് കുടുംബനാഥയെ ക്ഷണിക്കുന്നു. ഈ അവസരത്തിൽ ആ കുടുംബനാഥയ്ക്ക് നല്കാൻ കഴിയുന്ന ക്രൈസ്തവമായ പ്രതികരണങ്ങൾ തിരഞ്ഞെടുക്കുക.
   1. പാസ്റ്റർ കുടുംബനാഥയെ പ്രാർത്ഥനയ്ക്ക് ക്ഷണിക്കുമ്പോൾ നമുക്ക് കൊന്തചൊല്ലി ആരംഭിക്കാം. എന്ന് വീട്ടമ്മ പറയുന്നു.
   2. ഗലാ 1 : 8-9 വായിക്കാൻ നിർദ്ദേശിക്കുന്നു.
   3. അസഭ്യവർഷം ചൊരിഞ്ഞ് അയാളെ പുറത്താക്കുന്നു.
   4. ക്രിസ്ത്യാനികൾക്കെല്ലാം ക്രിസ്തുവിനെപ്പറ്റിയും അവിടുത്തെ രക്ഷാകര സന്ദേശത്തെപ്പറ്റിയും

അറിയാം. ഇവരെ തന്ത്രപൂർവ്വം മതം മാറ്റാൻ ശ്രമിക്കുന്നതിന് പകരം നമ്മുടെ ചുറ്റിലുമുള്ള മിശിഹായെ അറിയാത്ത ഇതര മതസ്ഥരോട് പ്രസംഗിക്കരുതോ എന്ന് ചോദിക്കുന്നു.

5. അടുത്ത വീടുകളിലെ ക്രിസ്ത്യാനികളെ വിളിച്ചു ചേർത്ത് ആ പാസ്റ്ററെ ''കൈകാര്യം'' ചെയ്യുന്നു.
6. ഒരു വീട്ടമ്മയെന്ന നിലയിൽ എനിക്കറിയാവുന്നതിനേക്കാൾ വളരെ നന്നായി ഞങ്ങളുടെ വികാരിയച്ചനറിയാം.അദ്ദേഹത്തിന്റെ അടുക്കൽ പോയി ഇതിനെപറ്റി തർക്കിക്കുകയും ചർച്ച ചെയ്യുകയും ചെയ്യാമോ എന്നു ചോദിക്കുന്നു.
7. ബൈബിൾ ദൈവവചനമാണെന്ന് നിങ്ങളെ പഠിപ്പിച്ചത് ആരാണെന്ന് ആരായുന്നു. അതോടൊപ്പം ദൈവവചനം വ്യാഖ്യാനിക്കുവാനും ബൈബിൾ പഠിപ്പിക്കുവാനും എത്ര പാടവം നിങ്ങൾക്കുണ്ട് എന്ന് ചോദിക്കുന്നു. വികല രക്ഷയുടെ വാതിൽ കാണിക്കാൻ വന്ന അയാൾക്ക് മാന്യമായി വാതിൽപ്പടി കാണിച്ചു കൊടുത്ത് സ്ഥലം വിടാൻ പറയുന്നു.

## III. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക 3 x 5 = 15

9. വിശ്വാസത്തിന്റെ സവിശേഷതകൾ ഏവ ?
10. വിശ്വാസത്തിന്റെ അനുസരണത്തിന് പരിപൂർണ്ണ മാതൃകയാണ് പരി. കന്യകാമറിയം. വിശദമാക്കുക.
11. വിശ്വാസത്തിന് എതിരായ പ്രധാന അബദ്ധ സിദ്ധാന്തങ്ങൾ ഏവ ?
12. പെന്തക്കോസ്തു സമൂഹങ്ങളുടെ പ്രധാന പോരായ്മകൾ ഏവ ?
13. ആത്മീയ സമരത്തിൽ വിജയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

## IV. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 9 x 2 = 18

14. പ്രായപൂർത്തിയായതിനുശേഷം മാത്രം മതം തിരഞ്ഞെടുത്താൽ മതിയെന്ന് പറയുന്ന സമീപനത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും ?
15. ക്രിസ്തീയ വിശ്വാസവും ധാർമ്മികതയും ഇന്നു നേരിടുന്ന പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യാം ?
16. സഭയുടെ പ്രബോധനങ്ങൾക്കെതിരായി നിങ്ങൾ കേട്ടിട്ടുള്ള ബൈബിൾ വ്യാഖ്യാനങ്ങൾ ഏവ ? അവയോട് ഒരു കത്തോലിക്കാവിശ്വാസി എങ്ങനെ പ്രതികരിക്കും ? ബൈബിൾ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

## V. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക 10 x 2 = 20

17. സൺഡേസ്കൂളിൽ കൂടെ പഠിക്കുന്ന നിങ്ങളുടെ ഒരു സുഹൃത്തിൽ താഴെക്കാണുന്ന മാറ്റങ്ങൾ പ്രകടമാകുന്നു.
    - വി. കുർബാനയിലും പ്രാർത്ഥനകളിലും പള്ളിയിലെ കർമ്മങ്ങളിൽ നിന്നും ഒഴിഞ്ഞുനില്ക്കാൻ ശ്രമിക്കുന്നു.
    - കഴുത്തിലണഞ്ഞിരിക്കുന്ന ജപമാല പെട്ടെന്ന് അപ്രത്യക്ഷമാകുന്നു. നെറ്റിയിൽ കുരിശുവരയ്ക്കാൻ മടി കാണിക്കുന്നു.
    - ചില ഭക്ഷണസാധനങ്ങളോട് പ്രിയം കാണിക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുന്നു.
    - പഠനത്തിലുള്ള ശ്രദ്ധ കുറയുന്നു.
    - ഇതര മതസ്ഥരുടെ ആചാരാനുഷ്ഠാനങ്ങളിൽ കൂടുതൽ പ്രിയം പ്രകടമാക്കുന്നു.

    എന്താവാം ഈ കുട്ടിക്ക് സംഭവിച്ചത് ? നിങ്ങളുടെ ഈ ഉറ്റ സുഹൃത്തിനെ കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചു നിർത്താൻ ഉതകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം ?
18. നവമാധ്യമങ്ങളിലൂടെ സഭയേയും പുരോഹിതന്മാരെയും സന്യാസിനികളെയും ആത്മായ വിശ്വാസികളേയും ക്രൈസ്തവ മൂല്യങ്ങളെയും തച്ചുതകർക്കാൻ സാത്താൻ പലരിലൂടെയും കുടിലതന്ത്രങ്ങൾ പ്രയോഗിക്കുന്ന ഈ കാലഘട്ടത്തിൽ വി. കാർലോ അകിറ്റസിനെപ്പോലെ നവമാധ്യമ സാധ്യതകൾ തിരിച്ചറിഞ്ഞ് ഈശോയെ പ്രഘോഷിക്കുവാനും ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും മിശിഹായുടെ ശബ്ദമാകുവാനും ഇന്നത്തെ യുവജനങ്ങൾക്ക് എങ്ങനെ സാധ്യമാകുമെന്ന് വിശദീകരിക്കുക.